Draft #2 of File 18611/EI 31-1/2022/EI 31 Approved by ASSISTANT REGISTRAR II (ACADEMIC) on 11-May-2022 03:30 PM - Page 1

YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

റഗുലേഷൻ 2018 -പഞ്ചവത്സര ബി എ / ബി കോം./ബി ബി എ എൽ എൽ .ബി ( ഓണേഴ്സ് ) ഡിഗ്രി കോഴ്സ് - ശീർഷകം-ഭേദഗതി- ബോർഡ് ഓഫ് സ്റ്റഡീസ് ശുപാർശകൾ -ബഹു . വൈസ് ചാൻസലർ അംഗീകരിച്ച- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 4990/AC A 4/2022/എം.ജി.യു	പ്രിയദർശിനി ഹിൽസ്,തീയതി: 11.05.2022

---

*പരാമർശം:*-1 ) 03 .10 .2018 ലെ സ .ഉ . നം .7109 /എ IV / 2 / 2018 /അക്കാദമിക് -റഗുലേഷൻ 2018 -പഞ്ചവത്സര ബി എ / ബി കോം ./ബി ബി എ എൽ എൽ ബി (ഓണേഴ് സ്) ഡിഗ്രി കോഴ്സ് .

2) 14 .03 .2022 ,28 .04 .2022 തീയതികളിലെ ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ ലോ (യു ജി, പി ജി ,സംയുക്തം ) ,ചെയർ പേഴ്സൺ-ന്റെ ശുപാർശകൾ .

3 ) AC A-4-2/ LLB &LLM BOS /MGU/2021 നമ്പർ ഫയലിൽ 12 .04 .2022 ലെ ബഹു .വൈസ് -ചാൻസലറുടെ ഉത്തരവ്.

4) 07 .05 .2022 ലെ ബഹു . വൈസ്-ചാൻസലറുടെ ഉത്തരവ്.

**<u>ഉത്തരവ്</u>**

സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ നടത്തപ്പെടുന്ന പഞ്ചവത്സര എൽ എൽ ബി കോഴ്സുകളുടെ പരാമർശം (1 ) പ്രകാരമുള്ള നാമപദം (nomenclature) ചുവടെ ചേർക്കുന്നു.

i ) Five Year Integrated B.Com,LL.B (Honours) Degree Course

ii) Five Year Integrated B.A,LL.B (Honours) Degree Course

iii) Five Year Integrated BBA,LL.B (Honours) Degree Course

സർവകലാശാല റെഗുലേഷനുകളിൽ പഞ്ചവത്സര ബി എ , ബി കോം , ബി ബി എ എൽ എൽ. ബി (ഓണേഴ്സ് ) ഡിഗ്രി കോഴ്സ് -ശീർഷകങ്ങളിൽ Honors , Honours എന്നിങ്ങനെ രണ്ടു വാക്കുകളും ഉപയോഗിച്ചിട്ടുള്ളതും ,Programme എന്നതിന് Course എന്ന് ഉപയോഗിച്ചിട്ടുള്ളതും ചെയർപേഴ്സൺ , ബോർഡ് ഓഫ് സ്റ്റഡീസ് ലോ (യു ജി , പി ജി ,സംയുക്തം)-യുടെ ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് ടി വിഷയം സംബന്ധിച്ച് 1 ) Honors , Honours എന്നീ രണ്ടു വാക്കുകളും ഒരേ അർഥം പ്രതിനിധാനം ചെയ്യുകൊണ്ട് യുജിസി ഗൈഡ് ലൈൻസ് , ബിസിഐ റൂൾസ് തുടങ്ങിയ രേഖകളിൽ സാധാരണയായി ഉപയോഗിച്ചുവരുന്നതിനാൽ 'Hons. ' എന്നുള്ള ചുരുക്കെഴുത്തു രൂപം ശീർഷകത്തിൽ ഈ വാക്കുകൾക്ക് പകരമായി ഉപയോഗിക്കുന്നതാണ് അഭികാമ്യമായിട്ടുള്ളത് എന്നും

2 )നിലവിലെ യു ജി സി ഗൈഡ് ലൈൻസ് അനുസരിച്ച് പ്രോഗ്രാമുകളുടെ ശീർഷകങ്ങളിൽ 'Course' എന്നുള്ളത് 'Programme' എന്നു ഭേദഗതി ചെയ്യുന്നതിനും മാത്രവുമല്ല 'Course ' എന്ന

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പദം ' Programme ' ശീർഷകത്തെ പ്രതിനിധാനം ചെയ്തുകൊണ്ട് റെഗുലേഷനുകളിൽ മറ്റു ഭാഗങ്ങളിൽ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അത് 'Programme' എന്ന അർത്ഥത്തിൽ ഉൾക്കൊള്ളിച്ചുകൊണ്ടു ടി പ്രോഗ്രാമുകളുടെ പ്രസ്തുത റെഗുലേഷൻ ഭേദഗതി ചെയ്യണമെന്നും പരാമർശം (2 ) പ്രകാരം ബി ഒ എസ് ചെയർ പേഴ്സൺ ശുപാർശകൾ സമർപ്പിച്ചിരുന്നു.

വിഷയം പരിശോധിച്ച ബഹു. വൈസ്-ചാൻസലർ, പഞ്ച വത്സര ബി എ , ബി കോം , ബി ബി എ എൽ എൽ. ബി (ഓണേഴ്സ്) ഡിഗ്രി കോഴ്സ് - ശീർഷകങ്ങളിൽ മേൽ ഭേദഗതി ശുപാർശകൾ അംഗീകരിച്ചു ടി പ്രോഗ്രാമുകളുടെ റെഗുലേനുകളിൽ ശീർഷകം ഭേദഗതി ചെയ്യുന്നതിനും അതിൻപ്രകാരമുള്ള ഭേദഗതികൾ പ്രോഗ്രാം മാപ്പിങ്ങിലും ബന്ധപ്പെട്ട റെഗുലേഷനുകളിലും ഉൾപ്പെടുത്തുന്നതിനും പരാമർശം 3,4 പ്രകാരം ഉത്തരവാവുകയുണ്ടായി .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൻജാൻ എ എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.പി എസ് ടു വി സി /പി എസ് ടു പി വി സി
2.പി എ ടു രജിസ്ട്രാർ /പി എ ടു കൺട്രോളർ ഓഫ് എക്സാമിനേഷൻസ്
3. ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർക്ക്
4.ചെയർ പേഴ്സൺ ,ബോർഡ് ഓഫ് സ്റ്റഡീസ് ലോ ( യു ജി , പി ജി ,സംയുക്തം)
5. CETEX /സിസ്റ്റം അഡ്മിൻ വിഭാഗം
6. എ ആർ 22 / ഡി ആർ 6 / ജെ ആർ 3 ( പരീക്ഷ )
7. എ ആർ 2 / ഡി ആർ 2 (അക്കാഡമിക് )/ ജെ ആർ 2 ( ഭരണവിഭാഗം)
8. EI 29 /EI 33 /EI 31 /EI 37 സെക്ഷനുകൾ
9. കണ്ടന്റ് മാനേജ്മന്റ് / റെക്കോർഡ്സ് സെക്ഷനുകൾ
10. സ്റ്റോക്ക് ഫയൽ

Draft #2 of File 18611/EI 31-1/2022/EI 31 Approved by ASSISTANT REGISTRAR II (ACADEMIC) on 11-May-2022 03:30 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം